10332
8/7/16

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം-കോടനാട് ആന പരിശീലന കേന്ദ്രത്തിലെ ആനപാപ്പാൻ തസ്തികകൾ കാലടി പ്രകൃതി പഠന കേന്ദ്രത്തിലേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ (എം.എസ്) നം. 24/2016/വനം തിരുവനന്തപുരം, തീയതി: 30/06/2016

പരാമർശം: 1) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12/04/2016-ലെ ഇ 6-14766/2016 നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പിൽ മലയാറ്റൂർ ഡിവിഷനിലെ കോടനാട് ആന പരിശീലന കേന്ദ്രത്തിൽ പരിചരിച്ചിരുന്ന 6 ഡിപ്പാർട്ട്മെന്റ് ആനകളെ കാലടി പ്രകൃതി പഠന കേന്ദ്രത്തിനു കീഴിലുള്ള കാപ്രിക്കാടേയ്ക്ക് മാറ്റിയതിനാൽ മലയാറ്റൂർ ഡിവിഷനു കീഴിലുള്ള 14 ആന പാപ്പാൻമാരുടെ തസ്തികകൾ കാലടി പ്രകൃതി പഠന കേന്ദ്രത്തിലേയ്ക്ക് മാറ്റി ഉത്തരവാകണമെന്ന് പരാമർശം കത്തു പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിലും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിലും മലയാറ്റൂർ ഡിവിഷനു കീഴിലുള്ള 14 ആനപാപ്പാൻ തസ്തികകൾ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, പ്രകൃതി പഠന കേന്ദ്രം, കാലടി &വൈൽഡ് ലൈഫ് വാർഡൻ, മംഗളവനം പക്ഷി സങ്കേതത്തിന്റെ ഓഫീസിലേയ്ക്ക് മാറ്റിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**നാസറുദ്ദീൻ.എ**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണം) ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വെബ് &ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Sajeem

**സെക്ഷൻ ഓഫീസർ**